## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4298** **18-03-2025 - ൽ മറുപടിയ്ക്ക്**

## ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിക്ക് സംരംഭക ലോകത്തിന്റെ ശ്രദ്ധനേടുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | കേരളത്തിന്റെ ഉത്തരവാദിത്ത വ്യാവസായിക വളർച്ചയ്ക്ക് കൂടുതൽ ഊർജ്ജവും ദിശാബോധവും ഉറപ്പാക്കി വ്യാവസായിക സൗഹാർദ്ദാന്തരീക്ഷം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് -2025, ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ വിജയകരമായി നടത്തുകയുണ്ടായി. കേരളത്തിന്റെ സുസ്ഥിര സാമ്പത്തിക വികസനത്തിനും വ്യവസായ വളർച്ചക്കുമുള്ള രൂപരേഖ നൽകിക്കൊണ്ട് നവകേരള നിർമ്മിതിയിലേക്കുള്ള സംസ്ഥാനത്തിന്റെ യാത്രയിലെ സുപ്രധാന നാഴികക്കല്ലാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്. വ്യാവസായിക വികസനത്തിനായി യുണൈറ്റഡ് കേരള എന്ന സന്ദേശം നൽകാൻ ഈ ഉച്ചകോടിക്ക് സാധിച്ചുവെന്നത് മാത്രമല്ല കേരളത്തിന്റെ വ്യാവസായിക മുന്നേറ്റം ലോകശ്രദ്ധയിലേക്കെത്തിക്കുന്നതിനും വഴിയൊരുക്കി. സുസ്ഥിര വികസനം, ഡിജിറ്റൽ ഇന്നോവേഷൻ, ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാനസൗകര്യ വികസനം എന്നിവയ്ക്ക് പ്രാധാന്യം നൽകി സംസ്ഥാനത്തിന്റെ തന്ത്രപ്രധാനമായ വ്യാവസായിക വളർച്ചയ്ക്ക് കരുത്തേകുന്ന ചർച്ചകൾക്കുള്ള വിശാലമായ വേദിയായിരുന്നു ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്.<br><br>പ്രസ്തുത ഉച്ചകോടിയിൽ 419ൽ പരം താല്പര്യ പത്രങ്ങളിലൂടെ 1,65,928 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തേയ്ക്ക് ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ, 26 രാജ്യങ്ങളിലെ പ്രതിനിധികൾ, 4000ത്തോളം വ്യവസായ പ്രമുഖർ/സ്റ്റാർട്ടപ്പുകൾ/ |

| | | | |
|---|---|---|---|
| | | | ഇൻവെസ്റ്റേഴ്സ്, 115 എക്സിബിഷനുകൾ, കൺടി സെഷനുകൾ, ബി 2ബി മീറ്റിംഗുകൾ എന്നിവയും ഉച്ചകോടിയുടെ പ്രത്യേകതകളായിരുന്നു.<br><br>പ്രസ്തുത നിക്ഷേപക സംഗമത്തിൽ ഓർക്ല, മാനേ, ഐ.ബി.എം, കാനു ഷിപ്പിങ്, ഷറഫ് ഗ്രൂപ്പ്, എൻ.ആർ.ഡബ്ല്യു ഗ്ലോബൽ, ഇലാക്, ആമസോൺ വെബ് സർവീസ്സ്, എൽടോർക്ക്, സിസ്കോ, ഡി.പി. വേൾഡ്, ബ്ലാക്സ്റ്റോൺ തുടങ്ങി ഒട്ടനവധി വിദേശ കമ്പനികളുടെ പ്രതിനിധികളും പങ്കെടുത്തു.<br><br>ജനസൗഹൃദപരമായ നയപരിഷ്കാരങ്ങൾ, ഉറപ്പുള്ള അടിസ്ഥാനസൗകര്യങ്ങൾ, യോജിച്ച ബിസിനസ്സ് അന്തരീക്ഷം എന്നിവ കേരളത്തെ ഉയർന്ന നിലവാരമുള്ള നിക്ഷേപ കേന്ദ്രമായി ഉയർത്തുന്നതിലൂടെ ആഭ്യന്തര-അന്താരാഷ്ട്ര നിക്ഷേപങ്ങൾക്ക് പുതിയ വാതായനങ്ങൾ തുറക്കപ്പെടുന്നു. കേരളത്തിന്റെ വ്യാവസായിക വളർച്ചക്കും സാമ്പത്തിക സുസ്ഥിരതക്കും ഉതകുന്ന നിർണായക ചുവടുവെയ്പായിരുന്നു ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്. |
| (ബി) | സംസ്ഥാനത്ത് വികസനം എത്തിക്കുന്നതിനും കൂടുതൽ നിക്ഷേപവും തൊഴിലും സൃഷ്ടിക്കാൻ കേരളം ഒറ്റക്കെട്ടാണെന്നുമുള്ള സന്ദേശം സംരംഭക ലോകത്തിന് പകരാൻ ഉച്ചകോടിക്ക് സാധിച്ചിട്ടുണ്ടോ; | (ബി) | മേൽ(എ)പിരിവിലെ മറുപടി കണ്ടാലും |
| (സി) | പ്രസ്തുത സംഗമത്തിൽ എത്ര കമ്പനികൾ സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും അതുവഴി എത്ര കോടിരൂപയുടെ നിക്ഷേപത്തിനുള്ള താത്പര്യപത്രിക ഒപ്പുവച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ; | (സി) | മേൽ(എ)പിരിവിലെ മറുപടി കണ്ടാലും |
| (ഡി) | ഐ.ടി മേഖലയുടെ വിപുലീകരണത്തിനും പുതിയ പദ്ധതികൾക്കുമായി എത്ര കോടിരൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്; പുതുതായി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും; വ്യക്തമാക്കാമോ? | (ഡി) | ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് ഭാഗമായി ഐ.ടി വകുപ്പിന്റെ കീഴിൽ കേരളത്തിൽ നിലവിലെ പ്രവർത്തനം ആരംഭിക്കാൻ/വിപുലീകരിക്കാൻ 29 ഐ.ടി കമ്പനികൾ സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഇതിലൂടെ 9300 കോടിയുടെ നിക്ഷേപവും 60000 തൊഴിലവസരവും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ